# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26



## അലവിൽ നോർത്ത് L.P. സ്കൂൾ

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | അലവിൽ നോർത്ത് എൽ.പി. സ്കൂൾ |
| സ്ഥാപിതം | : | 1935 (എയിഡഡ്) |
| കുട്ടികളുടെ എണ്ണം | : | 49 |
| അധ്യാപകർ | : | 6 |
| ക്ലാസ്സുകൾ | : | 1 മുതൽ 5 വരെ |
| ഹെഡ്മിസ്ട്രസ് | : | ലിജോ ജോർജ് |
| മാനേജർ | : | സി.സി. വത്സല |
| സബ്ജില്ല | : | പാപ്പിനിശ്ശേരി |
| സി.ആർ.സി. | : | GMUP കാട്ടാമ്പള്ളി |
| ബി.ആർ.സി. | : | പാപ്പിനിശ്ശേരി |
| പഞ്ചായത്ത് | : | ചിറക്കൽ |
| ബ്ലോക്ക്പഞ്ചായത്ത് | : | കണ്ണൂർ |
| ജില്ലാപഞ്ചായത്ത് | : | കണ്ണൂർ |

# ആമുഖം

ഏകദേശം 150 വർഷങ്ങൾക്കുമുമ്പ് 1856-ൽ ശ്രീ. മാടത്തങ്കണ്ടി ചെമ്മരൻ ഗുരുക്കൾ സ്ഥാപിച്ചതാണ് ഈ സ്ഥാപനം. 1935-ൽ അഞ്ചാംതരം വരെയുള്ള ക്ലാസ്സുകൾക്ക് അംഗീകാരം ലഭിച്ചു. 1965 വരെ രണ്ട് ക്ലാസ്സുകളിലായി അദ്ധ്യയനം നടത്തിയിരുന്ന ഈ വിദ്യാലയം പിന്നീട് ഷിഫ്റ്റ് സമ്പ്രദായത്തിൽ ഒരു സ്കൂളായി പ്രവർത്തിച്ചു തുടങ്ങി. ശ്രീമതി സി.സി. വത്സലയാണ് ഇപ്പോഴത്തെ മാനേജർ. പി.ടി.എ.യുടെ സജീവ പ്രവർത്തനത്തിന്റെ ഫലമായി ഏറെ മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇത് ഒരു എയ്ഡഡ് സ്ഥാപനമായതിനാൽ പൊതുവിദ്യാലയങ്ങൾക്കു ലഭിക്കുന്ന പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയാണ്. എങ്കിലും നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എ.പി. അബ്ദുള്ളകുട്ടിയുടെ സ്കൂൾ വികസനഫണ്ടിൽ നിന്നും ഒരു കമ്പ്യൂട്ടറും പ്രൊജക്ടറും ഞങ്ങൾക്കു ലഭിച്ചിട്ടുണ്ട്. ചിറക്കൽ കൃഷിഭവനിൽ നിന്നും കാർഷികോപകരണങ്ങൾ ലഭിക്കുകയും അത് ഫല വത്തായി ഉപയോഗിക്കുകയും ചെയ്തുവരുന്നു. സാമ്പത്തികമായ് പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഈ വിദ്യാ ലയത്തിൽ പഠിക്കുന്നത്. പ്രധാന അദ്ധ്യാപികയടക്കം 5 പ്രൈമറി വിഭാഗ അധ്യാപകരും ഒരു അറബിക് അധ്യാപകനും ഇവിടെ ജോലി ചെയ്ത വരുന്നു.

സ്കൂളിന്റെ കഴിഞ്ഞ വർഷം വരെയുള്ള സ്ഥിതിഗതികളെക്കുറി ഞങ്ങൾ വിലയിരുത്തി. അധ്യാപകർ തുടർച്ചയായി റിട്ടയർ ചെയ്യുന്നു. പക പുതിയ അധ്യാപകരെ നിയമിക്കാത്ത ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. അൺ-എക ണോമിക്കായി തുടരുന്ന ഒരു വിദ്യാലയമാണിത്. പൊതുവിദ്യാഭ്യാസ സം ക്ഷണത്തിന് കേരളസർക്കാർ മുമ്പോട്ട് വെച്ച കാര്യങ്ങൾ ഞങ്ങൾ ഏറ്റെ ക്കുകയും വിപുലീകരിച്ച പി.ടി.എ.യും, പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയും, പൊ വിദ്യാഭ്യാസ സംരക്ഷണ സമിതി വിളിച്ചു ചേർത്ത് നാട്ടുകാരുടെ സഹ ത്തോടെ സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനി മൂന്ന് ഹാളും ടൈൽ ചെയ്തു. നല്ല രീതിയിൽ പെയിന്റിംഗ് നടത്തി, ചു തിൽ കെട്ടുന്നതിന്റെ ഭാഗമായി മുൻഭാഗത്ത് മതിലും ഗെയിറ്റും സ്ഥ ക്കുവാനും തീരുമാനിച്ചു.

പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ പുതു
എൽ.കെ.ജി. ആരംഭിക്കുകയും 16 കുട്ടികൾക്ക് പ്രവേശനം നൽകു
ചെയ്തു. വിരമിച്ച 4 അധ്യാപകർക്ക് പകരം 4 അധ്യാപകരെ നിയമ
യും ചെയ്തു. ഈ വർഷം ഒന്നാംക്ലാസ്സിൽ 8 കുട്ടികൾ പ്രവേശന
യിട്ടുണ്ട്. മികച്ച രീതിയിൽ പഠനപ്രവർത്തനങ്ങൾ നടത്തി സ്കൂളിന്റെ
ാദമിക നിലവാരം ഉയർത്താനും തീരുമാനിച്ചിട്ടുണ്ട്.

## ്യാലയത്തിന്റെ നിലവിലെ അവസ്ഥ

വിദ്യാലയ സംരക്ഷണ സമിതിയുടെ പ്രവർത്തനഫലമായി ഭൗതി
ഹചര്യം വളരെയധികം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. സാമ്പത്തി
ാസം കാരണം ഗേറ്റും ചുറ്റുമതിലും നിർമ്മാണം നടത്താൻ സാധിച്ചി

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എഴുതാനും വായിക്കാനും അ
. ഇംഗ്ലീഷ് ഭാഷയിൽ കോൺവർസേഷൻ, ഡിസ്ക്രിപ്ഷൻ എന്നീ മേ
ളിൽ പ്രയാസം നേരിടുന്നുണ്ട്. ഭാഷാ വിഷയങ്ങളിൽ പൊതുവായി കാ
ടുന്ന പ്രശ്നം അക്ഷരതെറ്റാണ്. ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങ
പഗ്രഥിച്ച് നിഗമനത്തിലെത്താൻ പ്രയാസം അനുഭവപ്പെടുന്നു.

എസ്.എസ്.എ. യുടെ ആഭിമുഖ്യത്തിൽ മലയാളത്തിളക്കം പരിപ
ലൂടെ കുട്ടികളെ മെച്ചപ്പെടുത്തിയെടുക്കുവാൻ സാധിച്ചിട്ടു
ാതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ 'ശ്രദ്ധ' പ്രവർത്തനങ്ങൾ കുട്ടികള
രെയധികം താൽപര്യമുണ്ടാക്കി. കുട്ടികളിൽ മികവുണ്ടാക്കുവാ
ധിച്ചിട്ടുണ്ട്.

## നേട്ടങ്ങൾ/ മികവുകൾ

1. ശാസ്ത്രമേളകളിലും കലോത്സവത്തിലും പങ്കെടുത്ത് കുട്ടികൾ കൾ നേടിയിട്ടുണ്ട്.
2. സാഹിത്യരചനാക്യാമ്പ് സംഘടിപ്പിച്ച് തുടർപ്രവർത്ത നടത്തിവരുന്നു.
3. കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, ശില്പശാല നടത്തി. (ക രക്ഷിതാക്കളും പങ്കെടുത്തു.)
4. ഒറിഗാമി പരിശീലനക്കളരി സംഘടിപ്പിച്ചു.
5. ചിറക്കൽ കൃഷിഭവന്റെ സഹകരണത്തോടെ ജൈവപച്ചക്ക നടത്തി.
6. ഡാൻസ് ക്ലാസ്സ് ആരംഭിച്ചു.
7. സൈക്കിൾ പരിശീലനം നടത്തിവരുന്നു.
8. ക്ലാസ്സ് ലൈബ്രറി ശാക്തീകരിച്ചു.
9. എൽ.എസ്.എസ്. പരിശീലന ക്ലാസ്സുകൾ നൽകി വരുന്നു.
10. ഒന്നാംക്ലാസ്സിൽ ഹിന്ദി ഭാഷാപഠനം ആരംഭിച്ചു.

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടിയെടു ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തൽ.
2. ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള വർദ്ധിപ്പിക്കൽ
3. വായന (മലയാളം) പരിപോഷിപ്പിക്കൽ.
4. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.
5. കുട്ടികളിൽ ശാസ്ത്രപ്രക്രിയാശേഷികൾ വളർത്തുന്നതിനുതക യിൽ ശാസ്ത്ര പഠനം സാധ്യമാക്കൽ.
6. ചരിത്രം മനസ്സിലാക്കലും നാടിനെ അറിയലും.
7. അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോ നുള്ള പ്രത്യേക പരിപാടി.

# കാഴ്ചപ്പാട്

## ...ക്കാദമിക ഭൗതിക കാഴ്ചപ്പാട്

ഭൗതിക കാഴ്ചപ്പാട് -വിദ്യാലയാന്തരീക്ഷം, വിദ്യാലയം, ക്ലാസ്മു... ...ശുസൗഹൃദപരമായി ഒരുക്കുക. വിദ്യാലയാന്തരീക്ഷം ഒരു പെഡ... ...ൽ പാർക്ക് ആക്കുക. ചമുരിൽ ചിത്രം വരയ്ക്കുക, മരങ്ങൾക്ക് പേര് ... ...) പുറം ചുമരിൽ മഹത് വചനം എഴുതുക.

**...ദ്യാലയാന്തരീക്ഷം**

കെട്ടിടത്തിൽ ചുമരുകൾ കുട്ടികളുടെ ഭാവന വളരുന്നതിനും അ... ...ഥയും കവിതയും സംഭാഷണവും വർണ്ണനയും തയ്യാറാക്കുന്നതിനു... ...ുന്ന ചിത്രങ്ങൾ വരച്ചതായിരിക്കും. വിദ്യാലയപരിസരത്ത് വൃക്ഷങ്ങൾ... ...ൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, പൂച്ചെടികൾ എന്നിവ നട്ട് ഒരു ജൈ... ...ധ്യ ഉദ്യാനം നിർമ്മിക്കും. മലയാളം, പരിസരപഠനം, സയൻസുമായി ... ...ട്ട പഠനാനുഭവം ഒരുക്കുന്നതിനും ഉദാഹരണം കണ്ടെത്തുന്നതിനും ... ...നത്തിനും ഉതകുന്നതായിരിക്കും. പാർക്ക്-റോഡിൽ നിന്നും വിദ്യാല... ...ക്ക് പ്രവേശിക്കാൻ ഗേറ്റ് നിർമ്മിക്കും. ചുറ്റുമതിൽ പൂർത്തിയാക്കും. ... ...ശി മഹത് വചനങ്ങൾ എഴുതും. കുട്ടികളെ മതസൗഹാർദത്തിലേക്കും ... ...യിലേക്കും നയിക്കും.

**...ാജനശാല** - കഞ്ഞിപ്പുരയും അതിനോട് ചേർന്ന സ്ഥലവും ... ...ദ്യാർത്ഥികൾക്ക് ഒന്നിച്ചിരുന്ന് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള ഭോജ... ...യ്യാറാക്കാൻ ആഗ്രമുണ്ട്. അതുവഴി വിദ്യാർത്ഥികളിൽ പങ്കുവെക്കൽ ... ...വം വളർത്തിയെടുക്കാനും ഭോജനമര്യാദ പഠിപ്പിക്കാനും കഴിയും. ... ...ലയോട് ചേർന്ന് പാചകപ്പുരയുടെ അടുത്തായി ദൈനംദിനഭക്ഷണ... ...ങ്ങളും മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിച്ച് ഊർജ്ജോൽ... ...ിന് ഉതകുന്ന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണമെന്ന് ആഗ്രഹിക്കു...

**...ചാലയം** - നിലവിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശൗചാലയ... ...കിലു പെൺകുട്ടികളുടെ ആവശ്യങ്ങൾ പരിഗണിച്ച് ഗേൾസ് ഫ്ര... ...യ്ലറ്റുകളും ഭിന്നശേഷിക്കാർക്കാവശ്യമായ അഡാപ്റ്റഡ് ടോ... ...ാപിക്കേണ്ടതുണ്ട്.

ഭിന്നശേഷിക്കാരെ പരിഗണിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്.

**ക്ലാസ്സ്മുറികൾ**

- നിലവിലെ ക്ലാസ്സ്മുറികൾ പ്രീ കെ.ഇ.ആർ. കെട്ടിടങ്ങളി പ്രവർത്തിക്കുന്നത്.
- മേൽക്കൂര ഓട് മേഞ്ഞതുമാണ്. 9 ക്ലാസ്സ്മുറികളുള്ള കെ.ഇ.ആർ. കെട്ടിടം ശ്യമുണ്ട്. സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണവകുപ്പ്, പൂർവ്വവിദ്യാ കൾ, പി.ടി.എ. സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണത്താൽ വർഷങ്ങളിൽ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്ക
- ഇന്റർനെറ്റ് സൗകര്യം, ലാപ്ടോപ്പ്, ബിഗ്സ്ക്രീൻ പ്രൊജക്ടർ എന്നിവ ക്ലാസ്സുകളിലും ലഭ്യമാക്കണം.
- ഓരോ കുട്ടിക്കും ടേബിൾ ആന്റ് ചെയർ എന്നതായിരിക്കും ഇരിപ്പിട സൗ
- ഭിന്നശേഷിക്കാർക്ക് ഇണങ്ങുന്ന പ്രത്യേക ടേബിളുകളും ചെയറുകളും നര
- ക്ലാസ്സ് ലൈബ്രറിയും അധികവായനാപുസ്തകങ്ങളും എല്ലാ ക്ലാസ്സിലും ല ക്കും. ബാലമാസിക പ്രസിദ്ധീകരണങ്ങൾ എല്ലാ ക്ലാസ്സിലും ലഭ്യമാക്കും.
- ഓരോ ക്ലാസ്സിലും 2 ബിഗ് ഷെൽഫ് ഉണ്ടായിരിക്കും. ഒന്നിൽ അതാതു ക്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളും, രണ്ടാമത്തേതിൽ വ വിഷങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളും ക്രമീകരിക്കും.

അധ്യാപകർക്ക് ഓരോ ടേബിളും ചെയറും ഉണ്ടായിരിക്കും.

ചുമരിൽ ഒരു ഭാഗത്ത് അതാതു ക്ലാസ്സിലെ വിവിധ വിഷയങ്ങളിൽ പ്രതി മഹാന്മാരുടെ ചിത്രങ്ങൾ പതിച്ചിരിക്കും. ഉദാ :- കവികൾ, സ്വാതന്ത്ര്യ സ നാനികൾ, രാജാക്കന്മാർ.

കുട്ടികളും അധ്യാപകരും തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ ക്രമീകരിക്കും.

ചുമരിൽ ബിഗ് സ്ക്രീൻ ക്രമീകരിക്കും.

വൈറ്റ് ബോർഡ് സ്ഥാപിക്കും.

ഓരോ ക്ലാസ്സിലും 2 ഫാനും, വെള്ളസൗകര്യവും ഉണ്ടായിരിക്കും.

**ധ്യാപന സൗകര്യങ്ങൾ**

ഓരോ ക്ലാസ്സിലെയും കുട്ടികളുടെ വിവരങ്ങളടങ്ങിയ രേഖ-ക്യുമി റെക്കോർഡ് അതാതുക്ലാസ്സ് അധ്യാപകന്റെ ലാപ്പിൽ സൂക്ഷിക്കും. ഓരേ ങ്ങൾക്കും ആവശ്യമായ ബോധന തന്ത്രങ്ങൾ മുൻകൂട്ടി തയ്യാറാക്കിയി

ആവശ്യമായ വീഡിയോകൾ പെൻഡ്രൈവിൽ ശേഖരിച്ചിരിക്കും. ആ
നുസരണം പഠന പ്രവർത്തനങ്ങൾ അവതരിപ്പിക്കുമ്പോൾ അവയുടെ
ത്തിനും അധിക പ്രവർത്തനത്തിനായി അവതരിപ്പിക്കും.

- ഓരോ പാഠഭാഗങ്ങൾക്കും ആവശ്യമായ വർക്ക്ഷീറ്റ് നൽകും.
- പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അധികപ്രവർത്തനങ്ങൾ നൽകി അ
നിശ്ചിത പഠനനേട്ടം കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ഭിന്നശേഷിക്കാർക്ക് പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണ
വർക്ക്ഷീറ്റ്, യൂണിറ്റ് ടെസ്റ്റ് എന്നിവ മുൻകൂട്ടി തയ്യാറാക്കും.
- നാട്ടറിവുകൾ ശേഖരിച്ച് (പഴഞ്ചൊല്ലുകൾ, കഥ, നാടൻ കളികൾ, പ്രാ
കളികൾ, പഴയ കൃഷിരീതികൾ, ആചാരങ്ങൾ, നാടുമായി ബന്ധപ്പെട്ട ക
അധ്യാപകരുടെ ലാപ്പിൽ സൂക്ഷിച്ചിരിക്കും.
- അധ്യാപകശാക്തീകരണത്തിന്റെ ഭാഗമായി വിദഗ്ധരായ അധ്യാപകരെ കൊ
വന്ന് വർഷത്തിൽ 3 തവണ ദ്വിദിനശില്പശാല സംഘടിപ്പിക്കും. (കൈ
പേപ്പർ ക്രാഫ്റ്റ്, ലാംഗ്വേജ് എബിലിറ്റി, ഡ്രോയിംഗ്, പി.ഇ.ടി., യോഗ....)
- അവധിക്കാലത്ത് അധ്യാപകർക്ക് പൈതൃകനഗരങ്ങളിലേക്കും ചരിത്ര
ങ്ങളിലേക്കും പഠനയാത്രകൾ സംഘടിപ്പിക്കും.

**<u>രക്ഷിതാക്കൾക്ക് ആത്മവിശ്വാസം നൽകുന്ന വിദ്യാലയം</u>**

- വിദ്യാലയം ഓരോ വർഷവും വിദ്യാർത്ഥികൾക്കായി ഒരുക്കിയ നൂത
ബോധന തന്ത്രങ്ങളുടെ ലഘുവിവരം ലഘുലേഖകളായി രക്ഷിതാ
നൽകും.
- വിദഗ്ധരെക്കൊണ്ട് വന്ന് രക്ഷാകർത്തൃബോധവൽക്കരണ ക്ലാസ്സുകൾ
ത്തിൽ 2 തവണ നടത്തും.
- കുട്ടികളുടെ പഠനനേട്ടങ്ങളുടെ പ്രദർശനം വർഷത്തിൽ 1 തവണ ന
- രക്ഷിതാക്കളും അധ്യാപകരും ചേർന്ന് വിവിധ വിഷയങ്ങളിൽ പഠനോ
ശിൽപശാലകൾ സംഘടിപ്പിക്കും.
- പ്രധാന ദിനാചരണങ്ങളിലും ആഘോഷങ്ങളിലും സ്കൂൾ വാർഷിക
പഠനയാത്രകളിലും രക്ഷിതാക്കളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്ത
- സവിശേഷ കഴിവുകളുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കൽ

- സ്പോർട്സ്, കല, പ്രവൃത്തിപരിചയ ശാസ്ത്രമികവ് പുലർത്തുന്ന കു കൾക്ക് രക്ഷിതാക്കളുമായി സഹകരിച്ച് നാട്ടിലെ അതാതുമേഖലയി വൈദഗ്ധ്യം നേടിയവരുടെ സേവനം ലഭ്യമാക്കും.

**ശുചിത്വമുള്ള വിദ്യാലയം**

- സ്കൂൾ അന്തരീക്ഷത്തിൽ ജൈവ, അജൈവ മാലിന്യങ്ങൾ നിക്ഷേ ക്കുന്നതിന് പ്രത്യേക ഡസ്റ്റ് ബിൻ സ്ഥാപിക്കും.
- ക്ലാസ്സ്മുറികളിൽ മാലിന്യനിക്ഷേപ ബിൻ ഉണ്ട്. ശൗചാലയത്തിൽ സേ സൗകര്യം ഉണ്ട്.
- ശുചിത്വസേന ആഴ്ചയിൽ ഒരു ദിവസം പാർലിമെന്റ് ചേർ പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കും. (അധ്യാപക വിദ്യാർത്ഥികളും)

**ജൈവപച്ചക്കറി**

കാർഷിക സംസ്കാരം പരിപോഷിപ്പിക്കുന്നതിന് വിദ്യാർത്ഥികളെയും ര താക്കളെയും ഉപയോഗപ്പെടുത്തി കൃഷിഭവന്റെ സഹായത്താൽ ജൈവപച്ച കൃഷി നടപ്പിൽ വരുത്തും.

**ഹോണസ്റ്റി ഷോപ്പ്**

കുട്ടികളിൽ സ്വാശ്രയബോധം, സത്യസന്ധത, സേവന മനോഭാവം, ( തശേഷികൾ എന്നിവ വളർത്തിയെടുക്കുന്നതിന് കുട്ടികൾക്ക് ആവശ്യ പഠനോപകരണങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്ന ഒരു ഹോണസ്റ്റിഷേ സ്ഥാപിക്കും.

**ആരോഗ്യ-കായിക-കലാ പ്രവൃത്തി പഠനം**

*കരാട്ടേക്ലാസ്സ്, സൈക്ലിംഗ്, ഡാൻസ്, ചിത്രരചന, സോപ്പ്, ചന്ദനത്തി*

- കരാട്ടേക്ലാസ്സ് – ആഴ്ച 2 ദിവസം (4 മുതൽ 5 വരെ) സ്കൂൾ ഹാൾ, പി. ഫണ്ട്.
- സൈക്ലിംഗ് – ആഴ്ചയിൽ 1 ദിവസം (4 മുതൽ 5 വരെ) സ്കൂൾ ഗ്രൗണ്ട്- എ. ഫണ്ട്
- ഡാൻസ് – ആഴ്ചയിൽ 2 ദിവസം (4 മുതൽ 5 വരെ) സ്കൂൾ ഹാൾ - എ. ഫണ്ട്
- നിർമ്മാണപ്രവർത്തനങ്ങൾ – ശനിയാഴ്ചകൾ മാസത്തിൽ 2 ദിവസം, ഹാൾ-പി.ടി.എ. ഫണ്ട്

മേഖല - അക്കാദമികം, ഉപമേഖല - മലയാളഭാഷാ പഠനം ക്ലാസ്സ് - 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വായന പരിപോഷിപ്പിക്കൽ | കുഞ്ഞുവായന (പ്രീടെസ്റ്റ്) | ജൂൺ മുതൽ ഡിസംബർ മാസം വരെ | ക്ലാസ്സ്ടീച്ചർ<br>എസ്.ആർ.ജി.<br>പി.ടി.എ. | 5000/- |
| 2. അക്ഷരങ്ങളും ചിഹ്നങ്ങളും സ്വായത്തമാക്കിയുള്ള വായന | അക്ഷരപാട്ടുകൾ-ശേഖരണം<br>അക്ഷര, ചിത്ര, വാക്യകാർഡുകൾ, ഉപയോഗിച്ചുള്ള വായന<br>കുട്ടിക്കവിതകൾ, കഥകൾ, ബാലമാസികകൾ, സംഭാഷണ കവിതകൾ<br>വായനമൂല, ക്ലാസ്സ് ലൈബ്രറി സമ്പന്നമാക്കൽ<br>അക്ഷരം ഉറപ്പിക്കൽ<br>വായനക്കുറിപ്പ്<br>പത്രവായന<br>അമ്മവായന<br>കാവ്യകൂട്ടം<br>ആസ്വാദ്യകരമായ വായന<br>ബാലസഭ<br>ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>ഇ-വായന<br>ആനുകാലിക പ്രസിദ്ധീകരണങ്ങളും-വായനയും<br>ദിനാചരണങ്ങൾ<br>സി.ഡി. പ്രകാശനം<br>പുസ്തക ചർച്ച | | | |

മേഖല - അക്കാദമികം, ഉപമേഖല - ഗണിതപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 1 മുതൽ 5 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ചതുഷ് ക്രിയകൾ ഉറപ്പിക്കൽ<br>2. അക്ഷരങ്ങളും ചിഹ്നങ്ങളും സ്വായത്തമാക്കിയുള്ള വായന | അബാക്കസ് സംഖ്യാകിറ്റുകൾ, സംഖ്യാകാർഡുകൾ-തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>ചതുഷ്ക്രിയകൾ ഫലപ്രദമായി ചെയ്യുന്നതിന് ഗണിതകേളികൾ, ഗണിതപ്പാട്ടുകൾ, ഗണിത ചാർട്ടുകളുടെ ദൃശ്യവൽക്കരണം (ICT)<br>ഗണിതകഥകൾ (ICT)<br>സംഖ്യാചിത്രങ്ങൾ<br>നിർമ്മാണ പ്രവർത്തനങ്ങൾ<br>സംഘാചിത്രീകരണം<br>ഗണിതകിറ്റ്<br>വർക്ഷീറ്റുകൾ<br>സംഖ്യാചക്രം (സങ്കലനം, ഗുണനം, ഹരണം)<br>ഗണിത പഠനോപകരണ നിർമ്മാണ ശില്പശാല (അമ്മമാർക്ക്, അധ്യാപകർക്ക്) | ജൂൺ - ഒക്ടോ. | ക്ലാസ്സ്ടീച്ചർ<br>പി.ടി.എ. | 5000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ചരിത്രം മനസ്സിലാക്കൽ | കുടുംബത്തിലെ മുതിർന്നവരുടെ സഹായത്തോടെ കുടുംബപശ്ചാത്തലവും സാമൂഹ്യഅവസ്ഥകളും മനസ്സിലാക്കൽ | 1 മാസം | രക്ഷിതാക്കൾ, മുതിർന്ന പൗരന്മാർ, | |
| 2. നാടിനെ അറിയൽ വളർച്ച മനസ്സിലാക്കൽ | പഴയകാല ഉപകരണം, നാണയം, ചരിത്ര വസ്തുക്കൾ ശേഖരിക്കൽ, പ്രദർശിപ്പിക്കൽ | 6 മാസം | അധ്യാപകർ, രക്ഷിതാക്കൾ, സന്നദ്ധപ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ | |
| 3. പ്രപഞ്ചത്തെക്കുറിച്ച് അറിയൽ | സൗരയൂഥം കാർഡ്ബോർഡിൽ നിർമ്മിച്ച് പ്രദർശിപ്പിക്കൽ/സ്ലൈഡ് പ്രദർശനം | 2 മാസം | പി.ടി.എ. | |
| 4. വൻകരകൾ | കാർബോർഡിൽ വൻകരകൾ രേഖപ്പെടുത്തി മുറിച്ചെടുക്കൽ | 2 മാസം | പി.ടി.എ. | |
| 5. പ്രദർശനം | പഴയകാല ചരിത്രങ്ങൾ, ശിലകൾ, നാണയങ്ങൾ ഉപകരണങ്ങൾ എന്നിവ സമൂഹത്തിന് പരിചയപ്പെടുത്തൽ, പ്രാദേശിക ചരിത്രകാരന്മാരുടെ ചിത്ര ശേഖരണം. | 10 മാസം | പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ. | |

മേഖല - അക്കാദമികം, ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ളശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ്)<br>പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ<br>ഇംഗ്ലീഷ് പാഠങ്ങളുമായി ബന്ധപ്പെട്ട പഠനാന്തരീക്ഷം ഒരുക്കൽ (മാജിക് വാൾ)<br>ഒരു ദിവസം ഒരു ലാംഗ്വേജ് പ്രോഗ്രാം (സ്റ്റോറി ടെല്ലിംഗ്, സ്കിറ്റ്...)<br>ഇംഗ്ലീഷ് കേൾക്കാനും പറയാനും അവസരങ്ങൾ ഉണ്ടാക്കൽ<br>ആക്ഷൻ സോംഗ്, കണ്ടുംകേട്ടും പഠിക്കൽ<br>ഇംഗ്ലീഷ് ഗെയിം<br>ഇംഗ്ലീഷ് സ്കിറ്റ്, കൊറിയോഗ്രാഫി, കഥപറയൽ<br>ഇംഗ്ലീഷ് അസംബ്ലി | ജൂൺ-ഡിസം. | ഇംഗ്ലീഷ് ടീച്ചർ, എസ്.ആർ.ജി | 5000/- |

മേഖല - അക്കാദമികം, ഉപമേഖല - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഈസി അറബിക്<br>ലക്ഷ്യം - ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന-<br>പരിശോധന നടത്തി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ<br>അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികൾക്ക് ലാപ്ടോപ്പ് ഉപയോഗിച്ച് അക്ഷരങ്ങൾ നൽകി കളറിൽ ഫിൽ ചെയ്യും.<br>ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷരഗെയിമുകൾ നൽകും.<br>അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയമാണ് ഈസി ക്ലാസ് നൽകുക. | 2 മാസം<br>ടാബ് | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ | എസ് ആർ ജി.<br>ഡയറ്റ്<br>പൂർവ്വവിദ്യാർത്ഥികൾ |
| 2. വായനാലോകം<br>ലക്ഷ്യം-കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ, നല്ല വായനക്കാരാക്കൽ | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരണം, അറബിക് ലൈബ്രറി<br>പുസ്തകങ്ങൾ, ചിത്രകഥ (അറബിക്), കഥാപുസ്തകം (അറബിക്), കുട്ടിക്കവിതകൾ, അറബിക് ചെറിയ വിവരണ ബുക്കുകൾ (അറബിക്), അറബിക് ക്വിസ് | സ്കൂൾ ലൈബ്രറി<br>ക്ലാസ്സ് ലൈബ്രറി<br>പുസ്തകങ്ങൾ | അറബിക് അധ്യപകൻ, നാട്ടിലെ റിട്ട. അറബിഭാഷാദ്ധ്യാപകൻ, ഭാഷാസ്നേഹികൾ<br>അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ | സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>സംഭാവന ചെയ്യൽ |

മേഖല - അക്കാദമികം, ഉപമേഖല - ഡിജിറ്റൽ ക്ലാസ്സ്റൂം, സ്മാർട്ട് ക്ലാസ്സ്റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യകൾഫലപ്രദമായി പ്രയോജനപ്പെടുത്തൽ.<br><br>വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക. | എം.പി., എം.എൽ.എ., ഗ്രാമപഞ്ചായത്ത്, പി.ടി.എ. വിദ്യാഭ്യാസ സംരക്ഷണസമിതി എന്നിവരിലൂടെ ഫണ്ട് ശേഖരിക്കൽ<br>എല്ലാ ക്ലാസ്സുകളിലും ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തൽ<br>ആധുനിക സാങ്കേതികവിദ്യയിലൂടെ കുട്ടികൾക്ക് പാഠഭാഗങ്ങൾ നേരിട്ട് എത്തിക്കുന്ന പ്രവർത്തനങ്ങൾ ഒരുക്കൽ. | 3 വർഷം | പി.ടി.എ., വിദ്യാഭ്യാസ സംരക്ഷണ സമിതി | 10 ലക്ഷം രൂപ |

# ഉപസംഹാരം

സ്കൂൾ സംരക്ഷണ സമിതി, അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, മാനേജ്മെന്റ്, സമൂഹ്യ പ്രവർത്തകർ എന്നിവരുടെ പൂർണ്ണസഹകരണത്തോടെ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടെ പദ്ധതിയുടെ പ്ലാൻ സമർപ്പിക്കുന്നു.